**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6331** **10-11-2021 - ൽ മറുപടിയ്ക്ക്**

**പിൽഗ്രിം ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തീർത്ഥാടന കേന്ദ്രങ്ങളെയും സാംസ്കാരിക പൈതൃക കേന്ദ്രങ്ങളെയും ബന്ധപ്പെടുത്തിയുള്ള പിൽഗ്രിം ടൂറിസം ശക്തിപ്പെടുത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) | തീർത്ഥാടന കേന്ദ്രങ്ങളെയും സാംസ്കാരിക കേന്ദ്രങ്ങളെയും ബന്ധിപ്പിച്ച് നിലവിൽ ടൂറിസം പദ്ധതികൾ ഒന്നും തന്നെ ഇല്ല. എന്നാൽ തീർത്ഥാടന കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യവികസനവുമായി ബന്ധപ്പെട്ട് നിരവധി പദ്ധതികൾ വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. തീർത്ഥാടന ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വിവിധ തീർത്ഥാടന കേന്ദ്രങ്ങളെ കോർത്തിണക്കി പിൽഗ്രിം ടൂറിസം സർക്യൂട്ട് രൂപീകരിച്ച് അടിസ്ഥാന സൗകര്യ വികസനം വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ തത്വമസി എന്ന പദ്ധതി രൂപീകരിക്കുകയും, 8 തീർത്ഥാടന സർക്യൂട്ടുകളായി 43 ആരാധനാലയങ്ങൾ ക്കായുള്ള ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. അവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. തീർത്ഥാടന ടൂറിസം കേന്ദ്രങ്ങളുടെ വികസനവുമായി ബന്ധപ്പെട്ട് കേന്ദ്ര ടൂറിസം മന്ത്രാലയം പ്രസാദ് സ്കീമിൽ ഉൾപ്പെടുത്തി ഗുരുവായൂർ ക്ഷേത്രത്തിൽ എത്തിച്ചേരുന്ന തീർത്ഥാടകർക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി 4614.20 ലക്ഷം രൂപയുടെ അനുമതി നൽകുകയും ടി പദ്ധതി പൂർത്തീകരിക്കുകയും ചെയ്തു. കൂടാതെ സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെട്ട സ്പിരിചൽ ടൂറിസം സർക്യൂട്ടിൽ ഉൾപ്പെടുത്തി ശബരിമല വികസനത്തിനായി (ശബരിമല - എരുമേലി - പമ്പ-സന്നിധാനം) 9998.92 ലക്ഷം രൂപയുടെയും, ശ്രീ പത്മനാഭ- ആറന്മുള- ശബരിമല വികസനത്തിനായി 9244.26 ലക്ഷം രൂപയുടെയും, ഡെവലപ്മെന്റ് ഓഫ് സ്പിരിചൽ സർക്യൂട്ട് ശിവഗിരി ശ്രീ നാരായണ ഗുരു ആശ്രമം - അരുവിപ്പുറം - കുന്നുംപാറ ശ്രീ സുബ്രമണ്യ - ചെമ്പഴന്തി ശ്രീ നാരായണ ഗുരുകുലം ഇൻ കേരള |

| | | | |
|---|---|---|---|
| | | | എന്ന പദ്ധതിയ്ക്ക് 6947 ലക്ഷം രൂപയുടെ അനുമതി ലഭിക്കുകയും പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം പുരോഗമിച്ചു കൊണ്ടിരിക്കുകയുമാണ്. |
| (ബി) | പ്രസ്തുത പദ്ധതികളിൽ വടക്കൻ മലബാർ മേഖലയെയും ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ? | (ബി) | മലബാർ മേഖലയിലെ സാഹിത്യ-സാംസ്കാരിക കേന്ദ്രങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന മലബാർ ലിറ്ററി സർക്യൂട്ട് എന്ന പേരിൽ ഒരു ടൂറിസം പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ഇതിനായി 25 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. മലയാള സാഹിത്യത്തിലെ അതികായൻമാരായ തുഞ്ചത്ത് എഴുത്തച്ഛൻ, വൈക്കം മുഹമ്മദ് ബഷീർ, ഒ.വി. വിജയൻ, എം.ടി. വാസുദേവൻ നായർ എന്നിവരിലൂടെ പ്രശസ്തി നേടിയ തുഞ്ചൻ സ്മാരകം, ബേപ്പൂർ, തസ്രക്ക്, ഭാരതപ്പുഴയുടെ തീരങ്ങൾ, കൂടാതെ പൊന്നാനി, തൃത്താല എന്നീ സ്ഥലങ്ങളെ കോർത്തിണക്കിയുള്ളതാണ് ഈ ടൂറിസം സർക്യൂട്ട്. തുഞ്ചൻപറമ്പ് മുതൽ കൽപ്പാത്തി വരെ നീളുന്നതാണ് നിളയിലെ പൈതൃക സർക്യൂട്ട്. ഇതിലേക്ക് ശ്രീ. വൈക്കം മുഹമ്മദ് ബഷീറിന്റെ നാടിനെയും കോർത്തിണക്കും. മഹാകവിയുടെ പൈതൃകസ്മരണകളുറങ്ങുന്ന നിളാതീരത്തെ തുഞ്ചന്റെ തട്ടകവും കുഞ്ചന്റെ കിള്ളിക്കുറിശ്ശിയും എം.ടിയുടെ കൂടല്ലൂരും ഇടശ്ശേരിയുടെ കുറ്റിപ്പുറവും സാമൂതിരിയുടെ നിലപാടുതറയുമെല്ലാം കൂട്ടിയിണക്കുന്ന രീതിയിലാണ് ഈ സർക്യൂട്ട് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത്. ഈ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ